IMS/1665/2022-D3

28196/2023/O/O INWARD IMS
423056/2023

Registered Post with A/d

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14

ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം. 0471-2323960
വെബ്സൈറ്റ് : www.ims.kerala.gov.in

ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- വിഷയം: ഇ.മെ.സ.വകുപ്പ്-വടവാതൂർ ഇ എസ് ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോക്ടർ അമൽ. വി.ആന്റണിയ്ക്കെതിരെയുള്ള അച്ചടക്ക നടപടി- സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.-

പരാമർശം:-

1. ഫയൽ നമ്പർ:ഇ 3 -12199/ 2020 / ഡി ഐ എം എസ് .
2. ദക്ഷിണ മേഖല ആർ ഡി ഡി യുടെ 17/07/2020 ലെ G1-4906/2020 /RDDSZനമ്പർ കത്ത് .
3. വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടിന്റെ 01/ 10/ 2020 ലെ ഉ റിപ്പോർട്ടുകളും .
4. 04/05/2022ലെ നമ്പർD3-1665/2022 കുറ്റപത്രം.
5. വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടിന്റെ 23/05/2022ലെ ഇ 1 -3
6. 24/09/2022 ലെ ഇതേ നമ്പർ ഉത്തരവ്.
7. 01/10/2022ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ് .
8. വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടിന്റെ 01/06/2023ലെ ഇ 1-23

ഉത്തരവ് നം. ഡി3-1665/2022/ഡി.ഐ.എം.എസ്/തീയതി: 24-07-2023

വടവാതൂർ ഇ എസ് ഐ ആശുപത്രിയിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിചെയ്തുവരവേ ഡോ: അമൽ.വി.ആന്റണി 01.08.2020 മുതൽ രണ്ടു വർഷത്തെ ശൂന്യ വേതന അവധിക്ക് അപേക്ഷിച്ച ശേഷം അനധികൃതമായി ജോലിക്ക ഹാജരാകാതിരിക്കുകയുണ്ടായി. സർക്കാരിന്റെയോ വകുപ്പിന്റെയോ അനുമതിയില്ലാതെ സീനിയർ റെസിഡെൻസിയ്ക്ക് ചേരുകയും 01/ 08/2020 മുതൽ സ്വയം അവധിയിൽ പ്രവേശിച്ചതിനു ശേഷം ടി ജീവനക്കാരൻ ജോലിയിൽ നിന്നും വിട്ടു നിൽക്കുകയാണുണ്ടായത്.ഇപ്രകാരം അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്നത് മേൽസൂചന (3 )പ്രകാരം വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ട് അറിയിക്കുകയും ടി ജീവനക്കാരനെതിരേ അച്ചടക്ക നടപടി ആരംഭിക്കുകയും മേൽസൂചന (4) പ്രകാരം കുറ്റപത്രം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

താഴെപറയുന്ന കുറ്റങ്ങളാണ് ഡോ: അമൽ.വി.ആന്റണിക്കെതിരെ ചുമത്തുകയുണ്ടായത്.

1) 01.08.2020 മുതൽ രണ്ടു വർഷത്തെ ശൂന്യ വേതന അവധിക്ക് അപേക്ഷിച്ച ശേഷം ജോലിക്ക ഹാജരാകാതെയിരിക്കുന്നു. ടിയാൻ സമർപ്പിച്ച അവധി, ബന്ധപ്പെട്ട അധികാരി അനുവദിക്കുന്നതിന് മുമ്പേ ടിയാൻ സ്വയം അവധിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ 01.08.2020 മുതൽ അനധികൃതമായി ജോലിക്ക ഹാജരാകാതിരിക്കുന്നതു വഴി ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

(2) സർക്കാർ ജീവനക്കാരനായിരിക്കേ വകുപ്പിന്റെയോ സർക്കാരിന്റെയോ അനുമതിയില്ലാതെ സീനിയർ റെസിഡെൻസിയ്ക്ക ചേർന്നിരിക്കുന്നത് വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട ലംഘനം നടത്തിയിരിക്കുന്നു.

(3) പ്രൊബേഷൻ പോലും പൂർത്തീകരിച്ചിട്ടില്ലാതെ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുക വഴി 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾ പ്രകാരം സർവീസിൽ നിന്ന് നീക്കം ചെയ്യാവുന്ന കുറ്റം ചെയ്തിരിക്കുന്നു.

ടി കുറ്റപത്രവും കുറ്റാരോപണ പത്രികയും ഡോ: അമൽ.വി.ആന്റണി കൈപ്പറ്റിയതായുള്ള രസീത് 21/ 05/ 2022 ന് ലഭിച്ചിട്ടുള്ളതായി വടവാതൂർ ആശുപത്രി സൂപ്രണ്ട് അറിയിക്കുകയുണ്ടായെങ്കിലും, ടി ജീവനക്കാരൻ കുറ്റപത്രം കൈപ്പറ്റിയതിനുശേഷം പ്രതികരിക്കുകയോ പ്രതിവാദ പത്രിക സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ജീവനക്കാരനെതിരേ KCS(C.C&A)Rules 1960,Rule 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും, അന്വേഷണ ദിവസം ഹാജരാകുന്നതിന് വേണ്ടി മേൽസൂചന (7) പ്രകാരം നോട്ടീസ് അയക്കുകയും ചെയ്തിരുന്നു.എങ്കിലും ഡോ:അമൽ.വി.ആന്റണി 20/ 10/ 2022 ന് വടവാതൂർ ഇ ഈസ് ഐ ആശുപത്രിയിൽ നടത്തിയ അന്വേഷണത്തിന് ഹാജരാകുകയുണ്ടായില്ല. 30/09/2020 ൽ വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടിന് അയച്ച കത്ത് പ്രകാരം ,ടി ജീവനക്കാരൻ ലീവിന് അപേക്ഷിച്ച ശേഷം അനുമതി ലഭിക്കുന്നതിന് മുൻപ് സ്വയം അവധിയിൽ പ്രവേശിച്ച് ജോലിയിൽ നിന്നും വിട്ടു നിന്നു , അനുമതി വാങ്ങാതെ സീനിയർ റെസിഡെൻസിക്ക് ചേർന്നു എന്നീ കുറ്റപത്രത്തിലെ ഒന്നും രണ്ടും കുറ്റങ്ങൾ ചെയ്തിരിക്കുന്നതായി തെളിഞ്ഞിരുന്നു.പ്രൊബേഷൻ പൂർത്തീകരിക്കാത്ത ജീവനക്കാരനായ ഡോ: അമൽ.വി.ആന്റണി അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുകയും,വകുപ്പിന്റെയോ സർക്കാരിന്റെയോ അനുമതിയില്ലാതെ സീനിയർ റെസിഡെൻസിയ്ക്കു ചേരുകയും ചെയ്തതിനാൽ സർവീസിൽ നിന്ന് നീക്കം ചെയ്യപ്പെടാൻ വ്യാപ്തിയുള്ള മൂന്നാമത്തെ കുറ്റവും ചെയ്തിരിക്കുന്നു.

01/08/2020 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിന് ശേഷം30/09/2020 ന് ഡോ: അമൽ.വി.ആന്റണി വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടിന് ഒരു കത്ത് അയക്കുകയുണ്ടായി .ടി കത്തിൽ സീനിയർ റെസിഡെൻസിക്ക് ചേരുന്നതിനു വേണ്ടി 2020 ആഗസ്റ്റ് മാസം 01 മുതൽ രണ്ടു വർഷത്തെ ലീവ് ആവശ്യമുണ്ടായിരുന്നുവെന്നും, ലീവ് മുൻകൂട്ടി അനുവദിക്കുന്നതിന് മുൻപ് ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നത് അച്ചടക്ക ലംഘനമാണെന്ന് അറിവില്ലായിരുന്നു എന്നും,നിശ്ചിത സമയ പരിധിക്കുള്ളിൽ സീനിയർ റെസിഡെൻസിക്ക് ചേരേണ്ടതുണ്ടായിരുന്നെന്നും, കോവിഡ് കാലത്തെ യാത്രാ നിയന്ത്രണങ്ങളുണ്ടായിരുന്നതിനാൽ വകുപ്പ് കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ലായെന്നും ,അറിവില്ലായ്മ മാപ്പാക്കി 01/08/2020 മുതൽ രണ്ട് വർഷത്തെ ശൂന്യ വേതന അവധി അനുവദിക്കണമെന്നും സീനിയർ റെസിഡൻസി മുഖാന്തരം ആർജിക്കുന്ന നൈപുണ്യം ഉറപ്പായും പരിരക്ഷിത വ്യക്തികൾക്ക് വേണ്ടി ഉപയോഗപ്പെടുത്താമെന്നും അറിയിക്കുകയുണ്ടായി.ഇത് തികച്ചും വാസ്തവ വിരുദ്ധമാണെന്നാണ് ടി ജീവനക്കാരന്റെ പ്രവർത്തികളിൽ നിന്ന് മനസിലാകുന്ന വസ്തുത. ലീവ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും ,ലീവ് അനുവദിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുകയും സീനിയർ റെസിഡെൻസിയ്ക്ക് ചേരുകയും ചെയ്താൽ ഉണ്ടായേക്കാവുന്ന അച്ചടക്ക ലംഘനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരുന്നതിനാലാണ് കൺട്രോളിങ് ഓഫീസറായ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തരം അപേക്ഷ നേരിട്ട് വകുപ്പ് മേധാവിക്ക് സമർപ്പിക്കുന്നതിനായി ലീവ് അപേക്ഷയും അനുബന്ധ രേഖകളും ഡോ:അമൽ.വി.ആന്റണി വടവാതൂർ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടിൽ നിന്നും സ്വന്തം താല്പര്യപ്രകാരം നിർബന്ധപൂർവം കൈപ്പറ്റുകയുണ്ടായത്.എന്നാൽ തുടർന്ന് ടി ലീവ് അപേക്ഷയും അനുബന്ധ രേഖകളും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കോ,വകുപ്പ് മേധാവിക്കോ സമർപ്പിക്കാതെ ടി ജീവനക്കാരൻ 01/08/2020 മുതൽ സ്വയം അവധിയിൽ പ്രവേശിക്കുകയും അനുമതിയില്ലാതെ സീനിയർ റെസിഡെൻസിക്ക് ചേരുകയുമാണുണ്ടായത്. ആയതിനാൽ ഡോ:അമൽ.വി.ആന്റണിയുടെ പ്രവൃത്തികൾ അറിവില്ലായ്മകൊണ്ടല്ല ,ബോധപൂർവം തന്നെയാണെന്ന് മനസിലാക്കാവുന്നതാണ്.ഇതിനെത്തുടർന്ന് ടി ജീവനക്കാരനെതിരേ അച്ചടക്ക നടപടികൾ ആരംഭിക്കുകയും കുറ്റപത്രം നൽകുകയും ഡോ:അമൽ.വി.ആന്റണി അത് കൈപ്പറ്റുകയും ചെയ്തിരുന്നുവെങ്കിലും പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായില്ല.ഔപചാരിക അന്വേഷണത്തിന് ഹാജരാകുന്നതിന് വേണ്ടി 15 ദിവസത്തെ സാവകാശം നൽകി അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ടി ജീവനക്കാരൻഅന്വേഷണത്തിന്ഹാജരാവുകയുണ്ടായില്ല.ഡോ:അമൽ.വി.ആന്റണിയുടെമേൽ പ്രവർത്തികൾ സർക്കാർ സർവീസിനോടും ,സർക്കാർ നിയമങ്ങളോടും താങ്കൾക്കുള്ള അനാദരവും ,അനുസരണയില്ലായ്മയും വെളിവാക്കുന്നതാണ്.

30/ 11/ 2019 ന് മാത്രം ജോലിയിൽ പ്രവേശിക്കുകയും ,പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്ത ജീവനക്കാരനുമായ ഡോ:അമൽ.വി.ആന്റണി നടത്തിയ ,അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്നു ,സർക്കാരിന്റെയോ വകുപ്പിന്റെയോ അനുമതിയില്ലാതെ സീനിയർ റെസിഡെൻസിക്ക് ചേർന്നു മുതലായ അച്ചടക്ക ലംഘനങ്ങൾ ടി ജീവനക്കാരനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മതിയായ കാരണങ്ങളാണ്. ഇ എസ് ഐ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള പരിരക്ഷിത വ്യക്തികൾക്ക് ചികിത്സാ സേവനം നൽകുന്നതിനായി സർക്കാർ നിയമിച്ചിരുന്ന മെഡിക്കൽ ഓഫീസറായ ഡോ:അമൽ.വി.ആന്റണി, തന്നിൽ നിക്ഷിപ്തമായ കടമ നിർവഹിക്കാതെയും സർക്കാർ ചട്ടങ്ങൾ പാലിക്കാതെയും ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നതായി ഔപചാരിക അന്വേഷണത്തിൽ തെളിഞ്ഞിരുന്നു. ഇത്തരം അച്ച

928196/2023/O/O INWARD IMS
/423056/2023

ടക്ക ലംഘനങ്ങൾ ഗൗരവമായി കാണാതിരിക്കുകയും കഠിന ശിക്ഷ നൽകാതിരിക്കുകയും ചെയ്യുന്നത് വകുപ്പിലെ മറ്റു ജീവനക്കാർക്ക് തെറ്റായ സന്ദേശം നൽകുന്നതിനും ഇത്തരം അച്ചടക്ക ലംഘനങ്ങൾ ആവർത്തിക്കുന്നതിനും ഇടയാക്കും എന്നതിനാൽ ടി ജീവനക്കാരനെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ11 (vii) പ്രകാരം 01/08/2020 പ്രാബല്യത്തിൽ സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും, മേൽസൂചന (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുകയും, ആയത് ഡോ: അമൽ.വി.ആന്റണി 29/05/2023 ന് കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ ടി കാരണം കാണിക്കൽ നോട്ടീസിന് ഡോ: അമൽ.വി.ആന്റണി നാളിതുവരെ മറുപടി സമർപ്പിക്കുകയുണ്ടായില്ല.

ആയതിനാൽ വടവാതൂർ ഇ എസ് ഐ ആശുപത്രിയിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയില് ജോലിചെയ്തു വന്നിരുന്നതും ,നിലവിൽ അനധികൃതമായി ജോലിക്കു ഹാജരാകാതെയിരിക്കുകയും ചെയ്യുന്ന ജീവനക്കാരനായ ഡോ: അമൽ.വി.ആന്റണിയെ 1960-ലെ കേരള സിവില് സരീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ11 (vii) പ്രകാരം 01/08/2020പ്രാബല്യത്തിൽ സർവീസിൽ നിന്ന് നീക്കം ചെയ്ത് ഉത്തരവാകുന്നു.

Signed by
Malini S
Date: 24-07-2023 10:30:21

ഡോ. MALINI S
ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്
ഡോ: അമൽ.വി.ആന്റണി
അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ
ഇ.എസ്.ഐ. ആശുപത്രി,വടവാതൂർ (Through Head of Office)

പകർപ്പ്:-

1. റീജിയണല് ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല കൊല്ലം.
2. സൂപ്രണ്ട് ഇ.എസ്.ഐ. ആശുപത്രി,വടവാതൂർ ( ~~നോട്ടീസിന്റെ~~ ഉത്തരവിന്റെ ഒരു പകർപ്പിൽ ഡോ:അമൽ.വി.ആന്റണിയുടെ കൈപ്പറ്റു രസീത് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്).
3. ഇ1 സെക്ഷന്.
4. Website/~~ഇ-മെയില്~~.
5. ഫയല്/സ്റ്റോക്ക് ഫയല്.